(സി) പ്രസ്തുത നിർദ്ദേശങ്ങളുടെയടിസ്ഥാനത്തിലാണ് ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) നടപടി സ്വീകരിക്കുന്നതാണ്.

(ജി) നടപടി സ്വീകരിക്കുന്നതാണ്.

മരട് പഞ്ചായത്തിലെ കുടിവെള്ളക്ഷാമം

146 (2604) ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ മരട് പഞ്ചായത്തിൽ നെട്ടൂർ പ്രദേശത്ത് കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും ആശ്വാസ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) എം. 858 നമ്പരിലുള്ള ഗാർഹിക ഉപഭോക്താവിന് കഴിഞ്ഞ ഒരു വർഷമായി കുടിവെള്ളം ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടും നടപടിയെടുക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(സി) പ്രസ്തുത ഉപഭോക്താവിന് കുടിവെള്ളം എത്തിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) പരാതിക്കാരനിൽ നിന്നും കഴിഞ്ഞ ഒരു വർഷം ഈടാക്കിയ വെള്ളക്കരം തിരിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കിയ പദ്ധതിയിൽ നിന്നും മരട്, ചെല്ലാനം, കുമ്പളങ്ങി, കുമ്പളം ഭാഗത്തേക്ക് ആവശ്യമായ ജലത്തിന്റെ 10 ശതമാനം പോലും നൽകാൻ സാധിക്കുന്നില്ല. ദുരുപയോഗം തടയുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആലുവായിൽ നിന്നും അധികമായി ശുദ്ധജലം കൊച്ചിയിലുള്ള പമ്പ് ഹൗസുകളിൽ എത്തിച്ചാൽ മാത്രമേ ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമത്തിനു ഒരു ശാശ്വത പരിഹാരം ഉണ്ടാകുകയുള്ളൂ. ഹഡ്കോ ഡി.എഫ്.ഐ.ഡി. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇതിന് ഒരു പരിഹാരം കാണാൻ കഴിയും.

(ബി) എം 858 നമ്പരിലുള്ള ഗാർഹിക ഉപഭോക്താവിന്റെ പരാതിയിന്മേൽ അന്വേഷണം യഥാസമയം നടത്തിയിട്ടുണ്ട്. ഇപ്പോൾ മരട് വില്ലേജിൽ ആവശ്യമുള്ളതിന്റെ 25 ശതമാനവും വെള്ളം മാത്രമേ വിതരണം ചെയ്യുവാൻ കഴിയുന്നുള്ളൂ. അതിനാൽ മരട് വില്ലേജിൽ പല സ്ഥലങ്ങളിലും വെള്ളം മതിയായ മർദ്ദത്തിലും അളവിലും എത്തിക്കുവാൻ കഴിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള സംവിധാനത്തിൽ പ്രസ്തുത ഉപഭോക്താവിനു കൂടി വെള്ളം എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പരാതിക്കാരനിൽ നിന്നും വെള്ളത്തിനായി മിനിമം ചാർജ് മാത്രമേ ഈടാക്കുന്നുള്ളൂ. നിലവിലുള്ള നിയമമനുസരിച്ച് മിനിമം ചാർജ് ആയി വാങ്ങുന്ന തുക തിരിച്ചു നൽകാൻ വ്യവസ്ഥയില്ല.

കൊടുവള്ളി സമഗ്ര ശുദ്ധജലവിതരണ പദ്ധതി

147 (2606) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ കൊടുവള്ളി സമഗ്ര ശുദ്ധ ജലവിതരണപദ്ധതി പ്രാവർത്തികമാക്കാൻ എന്തെങ്കിലും ബദൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദമാക്കാമോ ;

(സി) ഇക്കാര്യത്തിൽ കെ.ഡബ്ല്യൂ.എ. സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഡി) ബദൽ നിർദ്ദേശപ്രകാരമുള്ള പ്രവർത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ ;

(ഇ) നരിക്കുനി പഞ്ചായത്ത് 1,2,3 വാർഡുകളിലെ മേൽപ്പറഞ്ഞ ഹരിജൻ കോളനിയിലെ രൂക്ഷമായ ശുദ്ധജലക്ഷാമം പരിഹരിക്കാൻ കെ.ഡബ്ല്യൂ.എ. എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(എഫ്) ഈ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം എന്നത്തേക്ക് പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി,ഡി) പുന്നൂർപുഴയിൽ നിലവിലുള്ള കിണർ ഉപയോഗപ്പെടുത്തി പുതിയ പമ്പിംഗ് മെയിൻവഴി ചെറുമല ടാങ്കിൽ എത്തിച്ച് കിഴക്കോത്ത് പഞ്ചായത്തിലും മടവൂർ പഞ്ചായത്തിലെ ചില പ്രദേശങ്ങളിലും ശുദ്ധജലം എത്തിക്കുന്നതിന് 25 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ പരിഗണനയിലാണ്. എന്നാൽ "ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി പുനരുദ്ധാരണ പ്രവർത്തി 1999-2000"-ൽ ഉൾപ്പെടുത്തി ഉറവിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തിയും പമ്പ് ഹൗസിന്റെ നിർമ്മാണ പ്രവർത്തികളും പുരോഗമിച്ചു വരുന്നു. പമ്പിംഗ് മെയിനിന് ആവശ്യമായ പൈപ്പ് ലഭ്യമാക്കുന്നതിനുള്ള നടപടികളും എടുത്തു വരുന്നു. കിണറിന്റെ പുനരുദ്ധാരണ പ്രവർത്തികളും പമ്പ് ഹൗസിന്റെ നിർമ്മാണവും ഉടൻ പൂർത്തിയാകും. പൈപ്പ് ലഭ്യമാകുന്ന മുറയ്ക്ക് പമ്പിംഗ് മെയിനിന്റെ പണി പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly